3
2024
മേയ്
വെള്ളി
മേടം 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.176 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-176 | പേജ് 4. വില 2.00 രൂപ



02 അവധിക്കാലം കവർന്നെടുക്കുന്ന പരിശീലനം: അധ്യാപകർ പ്രതിഷേധത്തിൽ

03 മേയർ ഡ്രൈവർ പോര് : കോർപറേഷൻ കൗൺസിലിൽ ബഹളം


04 നാട്ടാന പരിപാലനം ആനക്ഷേമം മുഖ്യ ലക്ഷ്യം


# വിഴിഞ്ഞം തുറമുഖം: 3 കി.മീ. പുലിമുട്ട് പൂർത്തിയായി

## ചരക്ക് കയറ്റിറക്ക് ട്രയൽറൺ ജൂണിൽ



തുറമുഖ വകുപ്പുമന്ത്രി വി.എൻ. വാസവൻ അദാനി വിഴിഞ്ഞം തുറമുഖം സന്ദർശിക്കുന്നു



തിരുവനന്തപുരം : ക്രെയിനുകളെ ഓട്ടോമാറ്റിക് സംവിധാനം ഉപയോഗിച്ച് നിയന്ത്രിക്കുന്ന കൺട്രോൾ യൂണിറ്റും അദ്ദേഹം സന്ദർശിച്ചു. രാജ്യത്തിന് തന്നെ വിലപ്പെട്ട സമ്മാനമായി വിഴിഞ്ഞം തുറമുഖം മാറുമെന്നും അദ്ദേഹം പറഞ്ഞു. പരീക്ഷണാടിസ്ഥാനത്തിലാവും തുറമുഖത്ത് ചരക്കുകളുടെ കയറ്റിയിറക്കൽ നടത്തുക. കപ്പലിൽനിന്ന് കരയിലേക്കും കരയിൽനിന്ന് കപ്പലുകളിലേക്കും ചരക്കുകളുടെ കയറ്റിയിറക്കൽ നടത്തുന്ന ട്രയൽ റണ്ണാവും നടത്തുക. ഇതിനുള്ള എല്ലാ സാങ്കേതിക സംവിധാനവും അനുബന്ധ വിദഗ്ദ്ധരെയും സജ്ജമാക്കിയെന്ന് തുറമുഖ കമ്പനി അറിയിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

തുറമുഖത്ത് ചരക്കുകളുടെ കയറ്റിയിറക്കലിനായി 32 ക്രെയിനുകളാണ് വേണ്ടത്. ചൈനയിൽനിന്ന് കഴിഞ്ഞയാഴ്ച വരെ 27 ക്രെയിനുകളാണ് തുറമുഖത്ത് എത്തിച്ചിട്ടുള്ളത്. 21 യാർഡ് ക്രെയിനുകളും ആറ് ഷിപ്പ് ടു ഷോർ ക്രെയിനുകളുമാണ് വിവിധ കപ്പലുകളിൽ പലഘട്ടങ്ങളായി എത്തിച്ചത്. ശേഷിക്കുന്ന രണ്ട് ഷിപ്പ് ടു ഷോർ ക്രെയിനുകളും മൂന്ന് യാർഡ് ക്രെയിനുകളും മേയ് 25 നുള്ളിൽ തുറമുഖത്ത് കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു. ബൈപ്പാസിനെയും തുറമുഖത്തേയും ബന്ധിപ്പിക്കുന്നതിനുള്ള റോഡിന്റെ മൂന്നുറ് മീറ്റർ കൂടി പൂർത്തികരിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മന്ത്രിക്കൊപ്പം ഫിഷറീസ് മന്ത്രി സജി ചെറിയാൻ, തുറമുഖ സി.ഇ.ഒ. പ്രദീപ് ജയരാമൻ, കോർപ്പറേറ്റ് അഫയേഴ്സ് മേധാവി ഡോ. അനിൽ ബാലകൃഷ്ണൻ, വിസിൽ എം.ഡി. ഡോ. ദിവ്യ. എസ്. അയ്യർ, സി.ഇ. ഒ. ശ്രീകുമാരൻ കെ. നായർ, തുറമുഖ സെക്രട്ടറി കെ.എസ്. ശ്രീനിവാസ് തുടങ്ങിയവർ എത്തിയിരുന്നു.

## ഉഷ്ണതരംഗ സാധ്യത: കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിങ്കളാഴ്ചവരെ അടച്ചിടും

തിരുവനന്തപുരം: ഉഷ്ണതരംഗ സാധ്യതയെത്തുടർന്ന് മെയ് ആറ് വരെ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടാൻ നിർദേശം. ഉഷ്ണതരംഗ സാധ്യത വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗത്തിന്റേതാണ് നിർദേശം. സ്കൂൾ വിദ്യാർഥികളുടെ അവധിക്കാല ക്ലാസുകൾ 11 മണിമുതൽ മൂന്നു മണിവരെയുള്ള സമയത്ത് നടത്തരുത്. പോലീസ്, അഗ്നിശമന രക്ഷാസേന, മറ്റ് സേനാവിഭാഗങ്ങൾ, എൻ.സി.സി, എസ്.പി.സി തുടങ്ങിയവയുടെ പരിശീലന കേന്ദ്രങ്ങളിൽ പകൽസമയത്തെ പരേഡും ഡ്രില്ലുകളും ഒഴിവാക്കണമെന്നും നിർദേശമുണ്ട്. പകൽ 11 മുതൽ വൈകുന്നേരം മൂന്ന് വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മത്സ്യതൊഴിലാളികൾ, മറ്റ് കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ മുതലായവർ ഇതിനനുസരിച്ച് ജോലിസമയം ക്രമീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

## എല്ലാ ജില്ലകളിലും നേരിയ മഴയ്ക്ക് സാധ്യത; ഒറ്റപ്പെട്ടയിടങ്ങളിൽ കാറ്റും മിന്നലും

കൊച്ചി: സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഇന്ന് നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത അഞ്ചു ദിവസത്തേക്കുള്ള മഴമുന്നറിയിപ്പ് പുറപ്പെടുവിച്ചു. പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇടത്തരം മഴയ്ക്കാണ് സാധ്യത.

ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. അതേ സമയം, വ്യാഴാഴ്ച തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് നേരിയ മഴയ്ക്ക് സാധ്യത.

അടുത്ത മൂന്നു മണിക്കൂറിൽ തിരുവനന്തപുരം ജില്ലയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയതോ മിതമായതോ ആയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും വടക്കൻ തമിഴ്നാട് തീരത്തും തീരപ്രദേശത്തിൻറെ താഴ്ന്ന പ്രദേശങ്ങളിലും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്നും, ആയതിനാൽ കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 5 മുതൽ 1.5 മീറ്റർ വരെയും; തെക്കൻ തമിഴ്നാട് തീരത്ത് 0. 5 മുതൽ 1.6 മീറ്റർ വരെയും; വടക്കൻ തമിഴ്നാട് തീരത്ത് 0. 5 മുതൽ 1.0 മീറ്റർ വരെയും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ് നല്കി.

കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## മേയർക്കെതിരായ ഡ്രൈവറുടെ പരാതി മനുഷ്യാവകാശ കമ്മിഷൻ ഇടപെട്ടു, അന്വേഷണത്തിന് ഉത്തരവ്

തിരുവനന്തപുരം: മേയർ ആര്യ രാജേന്ദ്രനെതിരെ കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവർ നൽകിയ പരാതിയിൽ മനുഷ്യാവകാശ കമ്മിഷന്റെ ഇടപെടൽ. യാത്രക്കാരുമായി പോകുകയായിരുന്ന ബസ് നടുറോഡിൽ തടഞ്ഞിട്ട് ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തി അപമാനിച്ചവർക്കെതിരെയും ഇത് സംബന്ധിച്ച പരാതിയിൽ കേസെടുക്കാത്ത കന്റോൺമെന്റ് എസ്.എച്ച്.ഒയ്ക്കെതിരെയും നിയമ നടപടി സ്വീകരിക്കണമെന്ന ബസ് ഡ്രൈവറുടെ പരാതിയിൽ അന്വേഷണത്തിന് കമ്മിഷൻ ഉത്തരവിട്ടു.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണറും കെ.എസ്.ആർ.ടി.സി. മാനേജിങ് ഡയറക്ടറും അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മുഷ്യാവകാശ കമ്മിഷൻ ആക്റ്റിങ് ചെയർ പേഴ്സണും ജൂഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥാണ് ഉത്തരവിട്ടത്.

മേയ് ഒമ്പതിന് തിരുവനന്തപുരത്തെ കമ്മിഷൻ ഓഫീസിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും. നേമം സ്വദേശി എൽ.എച്ച്. യദു സമർപ്പിച്ച പരാതിയിലാണ് നടപടി. ആര്യ രാജേന്ദ്രൻ, കെ.എം. സച്ചിൻദേവ്, അരവിന്ദ് കണ്ടാലറിയാവുന്ന രണ്ടു പേർ, എന്നിവർക്കെതിരെയാണ് പരാതി. ഇവർ ഏപ്രിൽ 27ന് യദു ഓടിച്ചിരുന്ന കെ.എസ്.ആർ.ടി.സി ബസിന്റെ യാത്ര തടസപ്പെടുത്തിയെന്ന് പരാതിയിൽ പറയുന്നു. തന്നെ അസഭ്യം പറയുകയും യാത്രക്കാരെ ബസിൽ നിന്നും ഇറക്കിവിടാൻ ശ്രമിക്കുകയും ചെയ്തുവെന്നും യദു പരാതിയിൽ ആരോപിച്ചു. അന്ന് രാത്രി പത്തരയ്ക്ക് കന്റോൺമെന്റ് എസ്.എച്ച്. ഒയ്ക്ക് പരാതി നൽകിയിട്ടും കേസെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തില്ല. ബസിന്റെ മുൻഭാഗത്തുള്ള ക്യാമറകൾ പരിശോധിച്ചാൽ നടന്നത് ബോധ്യമാവും. എന്നാൽ യാതൊരു അന്വേഷണവും നടത്താതെ തനിക്കെതിരെ കേസെടുത്തുവെന്നും യദു പരാതിയിൽ പറഞ്ഞു. കന്റോൺമെന്റ് എസ്.എച്ച്.ഒയെ അന്വേഷണ ചുമതലയിൽ നിന്നും മാറ്റി മറ്റൊരു ഏജൻസിയെ കൊണ്ട് അന്വേഷിക്കണമെന്നാണ് യദുവിന്റെ മറ്റൊരാവശ്യം. ഒന്നു മുതൽ അഞ്ചു വരെയുള്ള എതിർകക്ഷികൾക്കെതിരെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിനും തന്നെയും യാത്രക്കാരെയും സഞ്ചരിക്കാൻ അനുവദിക്കാത്തതിനുമെതിരേയും അന്വേഷണം നടത്തി നിയമ നടപടി സ്വീകരിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

## ഐസിയു പീഡനക്കേസ്: അതിജീവിത ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാൻ കമ്മിഷണർക്ക് നിർദേശം

കോഴിക്കോട് : മെഡിക്കൽ കോളജ് ഐസിയു പീഡനക്കേസിലെ അതിജീവിത ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാൻ കമ്മിഷണർക്ക് നിർദേശം നൽകിയതായി ഉത്തരമേഖല ഐജി അറിയിച്ചുവെന്ന് അതിജീവിത. ഡോ.കെ.വി.പ്രീതിക്കെതിരെ കൊടുത്ത പരാതിയിൽ എസിപി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അതിജീവിതയ്ക്ക് നൽകാനാണ് നിർദേശം. 12 ദിവസമായി കമ്മിഷണർ ഓഫിസിനു സമീപത്ത് അതിജീവിത സമരം ചെയ്യുകയാണ്. റിപ്പോർട്ട് ലഭിച്ച ശേഷം സമരം നിർത്തുമെന്നും അതിജീവിത അറിയിച്ചു.

പീഡനക്കേസിൽ ഡോ.കെ.വി.പ്രീതി തന്റെ മൊഴി പൂർണമായും രേഖപ്പെടുത്തിയില്ലെന്ന് അതിജീവിത സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതി നൽകിയിരുന്നു. ഈ കേസിലെ പൊലീസ് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടാണ് സമരം ആരംഭിച്ചത്. റിപ്പോർട്ട നൽകാൻ കമ്മിഷണർ തയാറാകാതിരുന്നതോടെയാണ് അതിജീവിത സമരത്തിലേക്ക് തിരിഞ്ഞത്.

## ഡെങ്കിപ്പനി ഗുരുതരമാകുന്നു: ഇതുവരെ അഞ്ചു മരണം

തൃശൂർ: ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ചു മരിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഇതുവരെ അഞ്ചു പേ രാണ് ഡെങ്കിപ്പനി ബാധിച്ചു മരിച്ചത്. എലിപ്പനി ബാധിച്ച് നാലുപേരും ഹെ പ്പറ്റൈറ്റിസ്എ ബാധിച്ച് ഒരാളും മരിച്ചതായി ഡപ്യൂട്ടി ഡിഎംഒ ഡോ. കെ. എൻ. സതീഷ് പറഞ്ഞു.

ജനുവരി മുതൽ ആദ്യ 16 ആഴ്ചവരെയുള്ള കണക്കുപ്രകാരമാണിത്. 508 പേർക്കു ഡെങ്കിപ്പനിയും 41 പേർക്ക് എലിപ്പനിയും നൂറിൽപരം ആളുകൾക്കു ഹെപ്പറ്റൈറ്റിസ് എ യും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തമിഴ്നാട്ടിൽ കരിങ്കൽ ക്വാറിയിൽ വൻ സ്ഫോടനം; നാലു തൊഴിലാളികൾ മരിച്ചു, എട്ടുപേർക്ക് പരിക്ക്

ചെന്നൈ: തമിഴ്നാട്ടിൽ കരിങ്കൽ ക്വാറിയിൽ ഉണ്ടായ സ്ഫോടനത്തിൽ നാലു തൊഴിലാളികൾ മരിച്ചു. എട്ടുപേർക്ക് ഗുരുതരമായി പരിക്കേറ്റു. വിരുദുനഗർ ജില്ലയിലെ കരിയപെട്ടിയിലാണ് അപകടം. വെടിമരുന്ന് സൂക്ഷിച്ചിരുന്ന ഗോഡൗണിലാണ് സ്ഫോടനം ഉണ്ടായത്. അപകടത്തിൻറെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവിട്ടിട്ടുണ്ട്.

സ്ഫോടനത്തെ തുടർന്ന് ഗോഡൗണിനു സമീപം നിർത്തിയിട്ടിരുന്ന രണ്ട് ലോറികൾ കത്തിനശിച്ചു. സമീപത്തെ ഇരുപതോളം വീടുകൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്. 20 കിലോമീറ്റർ ദൂരെവരെ സ്ഫോടനത്തിൻറെ പ്രകമ്പനം അനുഭവപ്പെട്ടു.

നേരത്തേ ക്വാറിയിലെ സുരക്ഷാപ്രശ്നങ്ങളും അമിത ഭാരം കയറ്റിവരുന്ന ട്രക്കുകളുണ്ടാക്കുന്ന അപകടസാധ്യതകളും ഉന്നയിച്ച് പ്രദേശവാസികൾ പരാതികൾ ഉന്നയിച്ചിരുന്നു. അപകടത്തിനു പിന്നാലെ പ്രദേശവാസികൾ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു.

ക്വാറിക്ക് ലൈസൻസ് ഉണ്ടായിരുന്നെന്നും എന്നാൽ അനുവദനീയം ആയതിലും കൂടുതൽ അളവിൽ സ്ഫോടകവസ്തുക്കൾ സൂക്ഷിച്ചിരുന്നോ എന്ന് സംശയിക്കുന്നതായും ജില്ലാ കളക്ടർ പറഞ്ഞു.

## കിണറ്റിൽ വീണ ആടിനെ രക്ഷപെടുത്താനിറങ്ങി; യുവാവിന് ദാരുണാന്ത്യം

കൊല്ലം: കിണറ്റിൽ വീണ ആടിനെ രക്ഷപെടുത്താനിറങ്ങിയ യുവാവിന് ദാരുണാന്ത്യം. കൊല്ലം മടത്തറ മുല്ലശ്ശേരി വീട്ടിൽ അൽത്താഫ് (25) ആണ് മരിച്ചത്.

ഉച്ചയ്ക്ക് പന്ത്രണ്ടരയോടെയായിരുന്നു അപകടം. വീടിനോട് ചേർന്നുള്ള കിണറ്റിൽ ആട് വീണത് അറിഞ്ഞ് അൽത്താഫ് അതിൽ ഇറങ്ങുകയായിരുന്നു. 60 അടി താഴ്ചയുള്ള കിണറിൽ ആടിനെ കയർ കെട്ടി പുറത്തെടുക്കാൻ ശ്രമിക്കവേ ശ്വാസതടസമുണ്ടാകുകയും തുടർന്ന് വെള്ളത്തിലേക്ക് കുഴഞ്ഞുവീഴുകയായിരുന്നു.

നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് കടയ്ക്കലിൽ നിന്ന് അഗ്നിശമനസേനയെത്തി കിണറ്റിലിറങ്ങി അൽത്താഫിൻറെ മൃതദേഹം പുറത്തെടുത്തു. കടയ്ക്കൽ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയ മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുനല്കും.

# അവധിക്കാലം കവർന്നെടുക്കുന്ന പരിശീലനം: അധ്യാപകർ പ്രതിഷേധത്തിൽ

കാസർഗോഡ്: അവധിക്കാലം കവർന്നെടുക്കുന്ന തരത്തിലുള്ള പരിശീലനപരിപാടി പ്രതിഷേധാർഹമാണെന്ന് എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ. ഒരു വർഷം നീണ്ടുനിൽക്കുന്ന പഠന പാഠ്യേതര പ്രവർത്തനങ്ങൾക്കിടയിൽ അധ്യാപകർക്ക് ലഭിക്കുന്ന ആശ്വാസമായിരുന്നു ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാലം.

എന്നാൽ ഏപ്രിൽ മൂന്നിന് ആരംഭിച്ച ഒന്നും രണ്ടും വർഷ ഹയർസെക്കൻഡറി മൂല്യനിർണ്ണയ ക്യാമ്പുകൾക്കിടയിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പരിശീലന ക്ലാസുകളും ലോക്സഭാ തെരഞ്ഞെടുപ്പും വന്നതിനാൽ ഹയർസെക്കൻഡറി മൂല്യനിർണയ ക്യാമ്പുകൾ ഇനിയും പലയിടത്തും പൂർത്തിയായിട്ടില്ല. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി, ഹയർസെക്കൻഡറി അധ്യാപകർക്ക് മാത്രമായുള്ള 10 ദിവസത്തെ തുടർച്ചയായ റസിഡൻഷ്യൽ കോഴ്സുമുണ്ട്. ആകെ കുറച്ചു ദിവസങ്ങളായി ലഭിക്കുന്ന അവധികാലത്തു തന്നെ വീണ്ടും അധ്യാപകർ അഞ്ചുദിവസത്തെ നോൺ റസിഡൻഷ്യൽ ട്രെയിനിംഗ് ക്യാമ്പും മൂന്നു ദിവസത്തെ എഐ പരിശീലനത്തിലും പങ്കെടുക്കണമെന്ന് പറയുന്നത് തികച്ചും അധ്യാപക ദ്രോഹ നടപടിയാണ്.

ഹയർസെക്കൻഡറി മൂല്യനിർണയ ക്യാമ്പുകൾ പലതും ഇതുവരെ അവസാനിച്ചിട്ടില്ല. അതിനു ശേഷം എട്ടു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാമുകളും എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചതിനുശേഷം ഒന്നാം വർഷ പ്രവേശന നടപടികളിലും അധ്യാപകർ പങ്കെടുക്കുന്നതിലൂടെ അധ്യാപകരുടെ അവധിക്കാലം പൂർണമായും കവർന്നെടുക്കുന്ന സ്ഥിതിയാണ്.

വെക്കേഷൻ കാലത്തിലെ പരിശീലനം ഒഴിവാക്കി, പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നതിന് മുൻപായി ജൂൺ മാസത്തിൽ അധ്യാപക പരിശീലനം നടത്താനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണ് അധ്യാപകർ ആവശ്യപ്പെടുന്നത്.

അനാവശ്യമായി ട്രെയിനിംഗ് മോഡ്യൂൾ വലിച്ചു നീട്ടാതെ രണ്ടോ മൂന്നോ ദിവസം കൊണ്ട് പരിശീലനം പൂർത്തിയാക്കണം. പരിശീലനത്തിനായി തയാറാക്കി പുറത്ത് വിട്ടിട്ടുള്ള എസ്ആർജി പട്ടിക പൂർണമായും ഭരണാനുകൂല സംഘടനയിൽപെട്ട അധ്യാപകരെ മാത്രം ഉൾക്കൊള്ളിച്ചുള്ളതാണ്.

ഈ പട്ടിക പിൻവലിച്ച് എല്ലാ സംഘടനയിലും ഉള്ള അധ്യാപകരെ ഉൾപ്പെടുത്താൻ അധികാരികൾ തയാറാകണം. ഹയർസെക്കൻഡറി അധ്യാപകർക്ക് മാത്രമായി പ്രത്യേകം പരിശീലന ക്ലാസുകൾ ഉണ്ടായിരിക്കേണ്ടതും ഡ്യൂട്ടി സർട്ടിഫിക്കേറ്റ് നൽകുന്നതടക്കമുള്ള പരിശീലന ക്ലാസുകളുടെ നിയന്ത്രണം അതാതു സെൻററുകളിലെ പ്രിൻസിപ്പൽമാർക്ക് ആയിരിക്കേണ്ടതുമാണെന്നും സംഘടന ആവശ്യപ്പെട്ടു. അധ്യാപക പരിശീലനം സംബന്ധിച്ച യാതൊരു വിവരങ്ങളും നാളിതു വരെ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല.

ഇതുസംബന്ധിച്ച നിവേദനം അധികാരികൾക്ക് നൽകുന്നതാണ് . അനുകൂലമായ നിലപാടുണ്ടായില്ലെങ്കിൽ പരിശീലന പരിപാടിയിൽ നിന്നും ഹയർസെക്കൻഡറി അധ്യാപകർ വിട്ടു നിൽക്കുന്നതടക്കമുള്ള കാര്യങ്ങളുമായി മുന്നോട്ടു പോകുമെന്ന് എഎച്ച്എസ്ടിഎൽ ജില്ലാ കമ്മിറ്റി അറിയിച്ചു.

# കാര്യങ്കോട് പുതിയ പാലം ഉടൻ തുറക്കും

നീലേശ്വരം: ദേശീയപാതയിൽ അപകടാവസ്ഥയിലായ കാര്യങ്കോട് പാലത്തിനു പകരം നിർമാണം പൂർത്തിയായ പുതിയ പാലം ഈ മാസംതന്നെ ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ ധാരണ. പുതിയ പാലത്തിലേക്കുള്ള സമീപന റോഡുകളുടെ പണി മാത്രമാണ് ഇനി തീരാനുള്ളത്.

ഇത് കഴിവതും വേഗത്തിൽ പൂർത്തിയാക്കി മഴക്കാലം തുടങ്ങുന്നതിനു മുമ്പു തന്നെ വാഹനഗതാഗതം പുതിയ പാലത്തിലൂടെ തിരിച്ചുവിടാനാണ് തീരുമാനം. തേജസ്വിനി പുഴയ്ക്ക് കുറുകേ അറുപതു വർഷത്തിലേറെ പഴക്കമുള്ള പഴയ പാലം അപകടാവസ്ഥയിലായ സാഹചര്യം കഴിഞ്ഞ ദിവസം ദീപിക റിപ്പോർട്ട് ചെയ്തിരുന്നു.

പുതിയ പാലത്തിൻറെ പൈലിംഗ് ജോലികൾ നടക്കുന്നതിനിടെ പഴയ പാലത്തിൻറെ വടക്കുവശത്തെ തൂണുകൾ താഴ്ന്നതിനെ തുടർന്ന് സ്പാനുകൾ ചരിഞ്ഞ നിലയിലാണ്.

ഇതോടെ പാലത്തിനു മുകളിൽ വിള്ളലുകളും രൂപപ്പെട്ടു. ഭാരമുള്ള വാഹനങ്ങൾ കടന്നുപോകുമ്പോൾ കുലുക്കം അനുഭവപ്പെടുന്നതും പതിവാണ്.

നിലവിലുള്ള പാലത്തിൻറെ കിഴക്കുവശത്തും പടിഞ്ഞാറുവശത്തുമായാണ് ദേശീയപാതാ വിഭാഗത്തിനു കീഴിൽ പുതിയ പാലങ്ങൾ നിർമിക്കുന്നത്. ഇതിൽ കിഴക്കുവശത്തെ പാലത്തിൻറെ നിർമാണമാണ് പൂർത്തിയായിട്ടുള്ളത്. ഗതാഗതം ഇതുവഴി തിരിച്ചുവിട്ടതിനു ശേഷം പഴയപാലം പൊളിച്ചുമാറ്റി പടിഞ്ഞാറുവശത്തെ നിർമാണ പ്രവൃത്തികൾ വേഗത്തിലാക്കാനാണ് ധാരണ.

മൂന്നുവരിയിൽ ഗതാഗതം നടത്താവുന്ന വിധത്തിലാണ് പുതിയ പാലം നിർമിച്ചിട്ടുള്ളത്. വടക്കുഭാഗത്തെ സമീപന റോഡിൻറെ നിർമാണവും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

തെക്കുഭാഗത്തെ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഇതോടൊപ്പം കൈവരികളുടെ നിർമാണവും തുടർന്ന് ടാറിംഗും പൂർത്തിയായാലുടൻ പുതിയ പാലം തുറന്നുകൊടുക്കാനാകും.

ഈ മാസംതന്നെ പ്രവൃത്തികളെല്ലാം പൂർത്തിയാക്കാനാകുമെന്ന് നിർമാണ ചുമതല വഹിക്കുന്ന മേഘ എൻജിനീയറിംഗ് കമ്പനി അധികൃതർ പറഞ്ഞു. പുതിയ പാലം തുറക്കുന്നതോടെ ദേശീയപാതാ നവീകരണത്തിൽ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടും.

# സാൻറാ മോണിക്ക വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫെസ്റ്റ് മേയ് നാലിന്

കണ്ണൂർ: സാൻറാ മോണിക്ക സ്റ്റഡി എബ്രോഡ് സംഘടിപ്പിക്കുന്ന മെഗാ മില്യൺസ് വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫെസ്റ്റ് കണ്ണൂർ താവക്കര സെൻട്രൽ ബസ് ടെർമിനലിലെ ബ്രോഡ്!ബീൻ ഹോട്ടലിൽ മേയ് നാലിന് രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു വരെ നടക്കും.

കാനഡ, യുകെ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, യുഎസ്എ, അയർലൻഡ്, സ്വീഡൻ, ജർമനി, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഫിൻലൻഡ്, മാൾട്ട, ലാത്വിയ, സിംഗപ്പൂർ, മലേഷ്യ, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി മുൻനിര വിദേശ സർവകലാശാലകളും കോളജുകളും ഫെസ്റ്റിൽ നേരിട്ടെത്തും.

വിദേശത്ത് ഉപരിപഠനത്തിനായി തയാറെടുക്കുന്നവർക്ക് മാത്രമല്ല പ്ലസ്ടു, ഡിഗ്രി അവസാന വർഷ വിദ്യാർഥികൾക്കും ഈ 'വിദേശ സ്കോളർഷിപ്പ് ഉത്സവ'ത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾക്ക് സൗജന്യമായി അപേക്ഷാഫോം നൽകാനും സ്പോട്ട് പ്രൊഫൈൽ അസസ്മെൻറ് നടത്താനും ഫാസ്റ്റ് ട്രാക്ക് അപേക്ഷ സമർപ്പിക്കാനും ഫെസ്റ്റിൽ സാധിക്കും. ഓരോ രാജ്യത്തെയും സാധ്യതകൾ ചോദിച്ചറിഞ്ഞ് അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കാം. ഡോക്ടർമാർക്കും ഡെൻറിസ്റ്റുകൾക്കുമുള്ള കോഴ്സുകൾക്കായുള്ള പ്രത്യേക ഡെസ്കും നഴ്സിംഗ് പഠനം വർക്ക് പെർമിറ്റിനായുള്ള ഡെസ്കും സജ്ജീകരിച്ചിരിക്കുന്നു. വിദേശ വിദ്യാഭ്യാസ ലോൺ സേവനങ്ങൾക്കായി പ്രമുഖ ബാങ്കുകളുടെ കൗണ്ടറുകളും ഉണ്ടായിരിക്കും. കൂടാതെ വിവിധ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ, സ്റ്റഡി വീസയുടെ ലഭ്യത, പാർട്ട് ടൈം തൊഴിലവസരങ്ങൾ, രാജ്യങ്ങളുടെ നയങ്ങളിൽ വന്ന മാറ്റങ്ങൾ! ഇവയെല്ലാം മനസിലാക്കാനുള്ള അവസരം കൂടിയാണ് സാൻറാ മോണിക്ക ഒരുക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഡെന്നി തോമസ് വട്ടക്കുന്നേൽ പറഞ്ഞു.ഫെസ്റ്റിലേക്ക് പ്രവേശനം സൗജന്യമാണ്. www.san-tamon-i-c-a-edu.in എന്ന വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മെയിൽ വഴി ലഭിക്കുന്ന എൻട്രി പാസ് ഉപയോഗിച്ച് പ്രവേശനം നേടാം. ഇതിനു പുറമെ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0484 4150999, 9645222999 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

# ഊരാളുങ്കൽ സൊസൈറ്റിക്ക് ദേശീയപാത അതോറിറ്റിയുടെ ബെസ്റ്റ് പെർഫോമർ പുരസ്കാരം

കാസർഗോഡ്: മികച്ച പ്രകടനം കാഴ്ചവെച്ചതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് ദേശീയപാതാ അതോറിറ്റിയുടെ അംഗീകാരം.

ബെസ്റ്റ് പെർഫോർമർ പുരസ്കാരം അതോറിറ്റി ചെയർമാൻ സന്തോഷ് കുമാർ യാദവ് ഊരാളുങ്കൽ സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിക്ക് തിരുവനന്തപുരത്ത് സമ്മാനിച്ചു. സംസ്ഥാനത്ത് 20ൽപരം റീച്ചുകളിലായി ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്ന പ്രവൃത്തിയിൽ രാജ്യത്തെ മുൻനിര നിർമാണസ്ഥാപനങ്ങളെക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചതിനാണ് അംഗീകാരം.

സമയക്ലിപ്തത, ഗുണമേന്മ, തൊഴിൽനൈപുണ്യം, പ്രൊജക്ട് മാനേജ്മെൻറ് എന്നിവയിലുള്ള സൊസൈറ്റിയുടെ സമർപ്പണവും അസാമാന്യവൈദഗ്ധ്യവും കണക്കിലെടുത്താണ് അംഗീകാരം. പുരസ്കാര സമർപ്പണത്തിൽ ദേശീയപാത അതോറിറ്റി മെമ്പർ (പിപിപി) വെങ്കിട്ടരമണ, റീജിയണൽ ഓഫീസർ ബി.എൽ.മീണ, യുഎൽസിസിഎസ് എംഡി എസ്.ഷാജു, പ്രൊജക്ട് മാനേജർ നാരായണൻ, കൺസഷണയർ പ്രതിനിധി ടി. പി.കിഷോർ കുമാർ, സിജിഎം രോഹൻ പ്രഭാകർ, ജിഎം റോഡ്സ് പി. ഷൈനു എന്നിവർ സംബന്ധിച്ചു.

ഭാരത് മാല പദ്ധതിയിൽ കേരളത്തിൽ നടക്കുന്ന പ്രവൃത്തികളിൽ ആദ്യം പൂർത്തിയായാകുക ഊരാളുങ്കൽ സൊസൈറ്റി നിർമ്മിക്കുന്ന തലപ്പാടി ചെങ്കള റീച്ചാണ്.

സംസ്ഥാനത്തെ വടക്കേയറ്റത്തെ ഈ റീച്ചിൽ ആറുവരിപ്പാതയുടെ 36ൽ 28.5 കിലോമീറ്ററും സർവ്വീസ് റോഡിൻറെ 66ൽ 60.7 കിലോമീറ്ററും ഡ്രയിൻ ലൈൻ 76.6ൽ 73 കിലോമീറ്ററും പൂർത്തിയായി.

വലിയ പാലങ്ങളിൽ രണ്ടെണ്ണം പൂർണ്ണമായും ഓരോന്ന് 85ഉം 80ഉം ശതമാനം വീതവും ചെറിയ പാലങ്ങളിൽ രണ്ടെണ്ണം പൂർണമായും ഓരോന്ന് 85ഉം 50ഉം ശതമാനം വീതവും പൂർത്തിയായിക്കഴിഞ്ഞു.

# എൻസിസി വാർഷിക പരിശീലന ക്യാമ്പിന് തോമാപുരത്ത് തുടക്കമായി

ചിറ്റാരിക്കാൽ: എൻസിസി 32 കേരള ബറ്റാലിയൻറെ സംയുക്ത വാർഷിക പരിശീലന ക്യാമ്പിന് തോമാപുരം സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ തുടക്കമായി. കമാൻഡൻറ് കേണൽ സി.സജീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

മുഖ്യാധ്യാപിക സിസ്റ്റർ കെ.എം.ലിനറ്റ് അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലഫ്. കേണൽ ടി.വി.അനുരാജ്, സുബേദാർ കൈലാഷ് ശർമ, ക്യാമ്പ് അഡ്ജുടൻറ് ലഫ്. കെ.ലക്ഷ്മി എന്നിവർ പ്രസംഗിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി 600 കേഡറ്റുകളാണ് പത്തുദിവസത്തെ ക്യാമ്പിൽ പങ്കെടുക്കുന്നത്.

ക്യാമ്പിൻറെ ഭാഗമായി ഫയറിംഗ്, മാപ്പ് റീഡിംഗ് പരിശീലനവും സൈബർ ബോധവത്കരണം, ട്രാഫിക് സുരക്ഷ, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളിൽ ക്ലാസുകളും സംഘടിപ്പിക്കും.

# കണ്ണൂർറാസൽഖൈമ വിമാന സർവീസ് ഇന്നു മുതൽ

മട്ടന്നൂർ: വേനൽക്കാല ഷെഡ്യൂളിൽ ഉൾപ്പെടുത്തി കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് റാസൽഖൈമയിലേക്ക് എയർഇന്ത്യ എക്സ്പ്രസ് സർവീസ് ഇന്നു മുതൽ തുടങ്ങും. ചൊവ്വ, ബുധൻ, വെള്ളി ദിവസങ്ങളിലാണ് സർവീസുകൾ.

വൈകുന്നേരം 6.15ന് കണ്ണൂരിൽ നിന്ന് പുറപ്പെട്ട് 8.45ന് റാസൽഖൈമയിലെത്തും. തിരികെ പ്രാദേശികസമയം 9.45ന് പുറപ്പെട്ട് പുലർച്ചെ 3.10ന് കണ്ണൂരിലെത്തും.ദമാമിലേക്ക് നാളെ മുതൽ എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് തുടങ്ങുന്നത്. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലാണ് സർവീസുകൾ. പുലർച്ചെ 5.15ന് കണ്ണൂരിൽ നിന്ന് പുറപ്പെട്ട് 7.30ന് ദമാമിലെത്തും.

തിരികെ പ്രാദേശിക സമയം 8.30ന് പുറപ്പെട്ട് വൈകീട്ട് 3.45ന് കണ്ണൂരിലെത്തും. ഗോഫസ്റ്റ് സർവീസ് അവസാനിപ്പിച്ച ശേഷം കണ്ണൂർദമാം സെക്ടറിൽ സർവീസുകളുണ്ടായിരുന്നില്ല.വേനൽക്കാല ഷെഡ്യൂളിൽ അബുദാബിയിലേക്ക് ആഴ്ചയിൽ 10 സർവീസുകളും ഷാർജയിലേക്ക് 12 സർവീസുകളും നടത്തും.

ഞായർ, ബുധൻ ദിവസങ്ങളിൽ മസ്ക്കറ്റിലേക്കും സർവീസ് നടത്തും. എയർഇന്ത്യ എക്സ്പ്രസുമായി കിയാൽ ഒപ്പുവച്ച ധാരണ പ്രകാരമാണ് സർവീസുകൾ വർധിപ്പിക്കുന്നത്.

# തൊഴിലുറപ്പ് തൊഴിലാളികൾക്ക് കണ്ടൽ നടീൽ പരിശീലനം

തൃക്കരിപ്പൂർ: കാലാവസ്ഥ പൊരുത്തപ്പെടൽ ജലസുരക്ഷ ലക്ഷ്യമിട്ട് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ആയിറ്റിയിൽ തുടക്കമിട്ടു. പരിസ്ഥിതി സംരക്ഷണത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന കണ്ടൽ ചെടികൾ തയാറാക്കി കവ്വായിക്കായലിൽ നട്ടു സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കാണ് തൃക്കരിപ്പൂർ പഞ്ചായത്തിൽ തൊഴിലാളികളെ പരിശീലിപ്പിച്ചത്. ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതി കേരളത്തിൽ പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ് നടപ്പാക്കുന്നത്.

വാസ്ക എന്ന ഏജൻസിയാണ് തൊഴിലാളികൾക്ക് സാങ്കേതിക പരിശീലനം നൽകുന്നത്. ആദ്യഘട്ടത്തിൽ ജില്ലയിൽ തൃക്കരിപ്പൂർ ഉൾപ്പെടെ അഞ്ച് പഞ്ചായത്തുകളിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കിയത്.

കായലോരത്തും ചതുപ്പുകളിലും ഉൾപ്പെടെ നട്ടുവളർത്താൻ കണ്ടൽ ചെടികൾ ഒരുക്കുന്ന നഴ്സറികൾ സ്ഥാപിക്കുകയാണ് പ്രാഥമിക ഘട്ടത്തിൽ നടത്തിയത്. കായലോരത്ത് 1000 കണ്ടലുകൾ ശാസ്ത്രീയ രീതിയിൽ നട്ടു. അടുത്ത ഘട്ടമായി 37 പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാനുള്ള തയ്യാറെടുപ്പിലാണ് വാസ്ക.

ആയിറ്റി, വെള്ളാപ്പ് ഭാഗങ്ങളിൽ കവ്വായി കായലോരത്ത് തൊഴിലുറപ്പ് തൊഴിലാളികൾ നൂറുകണക്കിന് കണ്ടൽ ചെടികൾ ശാസ്ത്രീയമായി നട്ടുപിടിപ്പിക്കുന്ന പ്രവർത്തി പഞ്ചായത്ത് പ്രസിഡൻറ് വി.കെ.ബാവ കണ്ടൽ ചെടികൾ നട്ട് ഉദ്ഘാടനം നിർവഹിച്ചു.പഞ്ചായത്തംഗം കെ.എം.ഫരീദാബീവി അധ്യക്ഷതവഹിച്ചു. വാസ്ക അസോസിയേറ്റ് സയൻറിസ്റ്റുകളായ എസ്.സജിൻ, എസ്.മോണിഷ, പ്രൊജക്ട് അസോസിയേറ്റ് എ.വി.ആതിര, ജി.രാജവേലൻ, ബി.സെൽവ മുകിലൻ, തൊഴിലുറപ്പ് പദ്ധതി നീലേശ്വരം ബ്ലോക്ക് അസി.എൻജിനിയർ ടി.അമ്പിളി, പഞ്ചായത്ത് അസി.എൻജിനിയർ പി.ശ്യാമിലി, ഓവർസിയർ മുഹമ്മദ് ബദറുദ്ദീൻ, എ.ജി.സാജിദ്, സിനിജ, കെ.സുഗതകുമാരി, എ.അഞ്ജലി എന്നിവർ നേതൃത്വം നൽകി.

തൊഴിലുറപ്പ് തൊഴിലാളികളുടെ 42 തൊഴിൽ ദിനങ്ങൾ ഉപയോഗിച്ചാണ് പരിശീലന പദ്ധതി നടപ്പാക്കുന്നത്.

# യുവാവിനെ കഴുത്തറുത്ത് കൊലപ്പെടുത്തിയ പ്രതിക്ക് ജീവപര്യന്തവും പിഴയും

തലശേരി: പശ്ചിമ ബംഗാൾ സ്വദേശിയായ യുവാവിനെ സ്റ്റീൽ ബ്ലേഡുകൊണ്ട് കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ സുഹൃത്തും സഹപ്രവർത്തകനുമായ യുവാവിന് ജീവപര്യന്തവും ഒരു ലക്ഷം പിഴയും ശിക്ഷ വിധിച്ചു.പശ്ചിമ ബംഗാൾ സ്വദേശി സുബ്രതോ മണ്ഡൽ ( 30 ) കൊല്ലപ്പെട്ട സംഭവത്തിൽ പശ്ചിമ ബംഗാൾ സൗത്ത് പർഘാനയിലെ രത്തൻ മണ്ഡലിനെയാണ് (49)തലശേരി ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് എ.വി. മൃദുല ശിക്ഷിച്ചത്. പ്രതി പിഴ അടച്ചാൽ സംഖ്യ കൊല്ലപ്പെട്ട സുബ്രതോ മണ്ഡലിൻറെ ആശ്രിതർക്ക് നൽകണം.

പിഴ അടച്ചില്ലെങ്കിൽ മൂന്ന് മാസം കൂടി തടവ് അനുഭവിക്കണം. തളിപ്പറമ്പ് തൃച്ചംബരം ജീവൻ പ്രകാശ് ഓഡിറ്റോറിയത്തിന് സമീപം പണി നടന്നുവന്ന റസിഡൻഷ്യൽ ഫ്ളാറ്റിൽ കോൺക്രീറ്റ് സെൻട്രിംഗ് ജോലിക്കായി വന്നതായിരുന്നു ഇരുവരും. 2012 ഡിസംബർ മൂന്നിന് വൈകിട്ടാണ് കേസിനാസ്പദമായ സംഭവം.കലഹസ്വഭാവമുള്ള രത്തന് കരാറുകാരൻ ജോലി നിഷേധിച്ചിരുന്നു. ഇതിന് പിന്നിൽ സുബ്രതോ മണ്ഡലാണെന്ന ധാരണയിലാണ് കൊലപ്പെടുത്തിയതെന്നാണ് പ്രോസിക്യൂഷൻ കേസ്. നിർമാണ കരാറുകാരനായ ടി.വി.പ്രഭാകരൻറെ പരാതി പ്രകാരമാണ് പോലീസ് കേസെടുത്തത്.നേരത്തെ ചുടലയിലെ കെട്ടിട നിർമാണ സ്ഥലത്ത് വച്ച് ഇരുവരും തർക്കമുണ്ടായിരുന്നു.അന്നത്തെ തളിപ്പറമ്പ് സിഐ എ.വി. ജോണാണ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.

# എയർ പിസ്റ്റളുമായി രണ്ട് യുവാക്കൾ പിടിയിൽ

കണ്ണൂർ: കണ്ണൂർ നഗരത്തിൽ എയർ പിസ്റ്റളുമായി രണ്ടുപേർ പിടിയിൽ. മലപ്പുറം സ്വദേശികളായ സി.പി. റഹാൻ (21), എം. കെ. ഷാഹൽ (20) എന്നിവരാണ് പിടിയിലായത്. ഇന്നലെ പുലർച്ചെ 1.15 ഓടെ കണ്ണൂർ ടൗൺ പോലീസിൻറെ നൈറ്റ് പട്രോളിംഗിനിടെ സ്വാമിമഠം ജംഗ്ഷനിൽ വച്ചാണ് ഇരുവരും പിടിയിലായത്.പോലീസിനെ കണ്ടതിനെ തുടർന്ന് ഇരുവരും പരിഭ്രമിക്കുന്നത് കണ്ട് പരിശോധിച്ചപ്പോഴാണ് സഹലിൻറെ അരയിൽനിന്ന് എയർപിസ്റ്റളും ഹോൾസ്റ്ററും കണ്ടെത്തിയത്.

മലപ്പുറത്ത് നിന്ന് എന്തിനാണ് ഇരുവരും ഇവിടെ എത്തിയതെന്ന് ചോദിച്ചപ്പോൾ വ്യക്തമായ മറുപടിയില്ലാത്തതിനെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കരുതൽ തടങ്കലിൽ പാർപ്പിക്കുകയായിരുന്നു.

# ആശയക്കുഴപ്പം ഒഴിവായി; താലൂക്ക് ഓഫീസിനു മുന്നിൽ പുതിയ ബോർഡ്

ആലത്തൂർ: ഇപ്പോൾ താലൂക്ക് ഓഫീസിൻറെ പ്രധാന കവാടത്തിനു മുമ്പിൽ വരുന്ന സാധാരണക്കാർക്ക് സംശയലേശമെന്യെ കടന്നു ചെല്ലാം. താലൂക്ക് ഓഫീസ്, ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്ന സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, സബ് ജയിൽ എന്നിവ വ്യക്തമായി കാണുന്ന തരത്തിലുള്ള പുതിയ ബോർഡ് സ്ഥാപിച്ചതോടെയാണ് ഇത് സാധ്യമായത്.

ചെറിയ ബോർഡിൽ കവാടത്തിൻറെ ഒരു വശത്ത് ഓഫീസുകളുടെ പേരുകൾ പ്രദർശിപ്പിച്ചിരുന്നെങ്കിലും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. നേരത്തെ താലൂക്ക് ഓഫീസിൻറെ പ്രധാന കവാടത്തിൽ ജനസേവനകേന്ദ്രം എന്നാണ് എഴുതി വച്ചിരുന്നത്. ഇത് ആശയക്കുഴപ്പത്തിന് ഇടയാക്കിയിരുന്നു.

താലൂക്ക് ഓഫീസ് അങ്കണത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിലാണ് ജനസേവന കേന്ദ്രം പ്രവർത്തനക്ഷമമാകുന്നത്. ഇവിടെ സ്ഥാപിക്കേണ്ട ബോർഡ് പ്രധാന കവാടത്തിൽ സ്ഥാപിച്ചതാണ് ഇവിടേക്ക് വരുന്ന ആളുകൾക്ക് സംശയം ഉണ്ടാക്കിയത്.

# മാലിന്യ സംസ്കരണം: മലയോരമേഖലയിൽ ജില്ലാ എൻഫോഴ്സ്മെൻറ് സ്ക്വാഡിൻറെ പരിശോധന

ചിറ്റാരിക്കാൽ: മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മലയോരമേഖലയിലെ വിവിധയിടങ്ങളിൽ ജില്ലാ എൻഫോഴ്സ്മെൻറ് സ്ക്വാഡ് പരിശോധന നടത്തി. വിവിധ സ്ഥാപനങ്ങളിലും വിനോദസഞ്ചാരകേന്ദ്രങ്ങളിലും കോട്ടേജുകളിലും പുഴയോരങ്ങളിലും പരിശോധനയും നിരീക്ഷണവും നടത്തി. ചിറ്റാരിക്കാലിലെ മാരിക്കൽ പന്നി ഫാമിനും അറവുശാലയ്ക്കും 10000 രൂപ പിഴ ചുമത്തി.

കോടോം ബേളൂർ പഞ്ചായത്തിലെ ബൺ ബേക്കറിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് 5000 രൂപ പിഴ ചുമത്തി. വരുംദിവസങ്ങളിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പരിശോധനകൾ തുടരും. എൻഫോഴ്സ്മെൻറ് സ്ക്വാഡ് ലീഡർ കെ.വി.മുഹമ്മദ് മദനി, സ്ക്വാഡ് അംഗം എം.സനൽ, പഞ്ചായത്ത് ജീവനക്കാരായ അരുൺ രാജ്, പി.അനീഷ് എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

# വ്യാപരസ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പിൻെറ മിന്നൽ പരിശോധന

ഇരിട്ടി: വള്ളിത്തോട് കുടുംബരോഗ്യകേന്ദ്രം ആരോഗ്യ വിഭാഗത്തിൻറെ നേതൃത്വത്തിൽ മാടത്തിൽ, പാട്ടാരം എന്നിവിടങ്ങളിലെ വ്യപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി. പരിശോധനയിൽ പഴകിയ ഭക്ഷണ സാധനങ്ങൾ പിടികൂടി നശിപ്പിച്ചു.

വൃത്തിഹീനമായ പ്രവർത്തിച്ചതിന് മാടത്തിലുള്ള രണ്ട് സ്ഥാപനങ്ങൾ താത്കാലികമായി അടപ്പിച്ചു. മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിട്ട സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി. പരിശോധനയിൽ നിരോധിത പ്ലാസ്റ്റിക്കും പിടികൂടി. ഹെൽത്ത് ഇൻസ്പെക്ടർ ബിനോജ് കുറ്റ്യാനി, കെ. സിജു, സന്തോഷ്കുമാർ, അബ്ദുള്ള എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

# കേരള സ്റ്റാർട്ടപ്പായ ആലിബൈ ഗ്ലോബലും ഐഐടി ബോംബെയും ടെക്നോളജി കരാർ ഒപ്പുവെച്ചു

### അത്യാധുനിക സ്ഫെറിക്കൽ റോബോട്ട് സാങ്കേതികവിദ്യ പങ്കിടും



*സ്ഫെറിക്കൽ റോബോട്ട് സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനുള്ള ധാരണാപത്രം ഐഐടി ബോംബെ ഡീൻ പ്രൊഫ. സച്ചിൻ പട്വർദ്ധനും ആലിബൈ ഓപ്പറേഷൻസ് ഡയറക്ടർ ഡോ.എസ്.പി. സുനിലും കൈമാറുന്നു. പ്രൊഫ. അഭിഷേക് ഗുപ്ത (ഐഐടി ബോംബെ), ആലിബൈ ബിസിനസ് ഡയറക്ടർ ശ്യാം കെ. എം, പ്രൊഫ. ലീന വാചാനി (ഐഐടി ബോംബെ), സന്ദീപ് (ഐഐടി ബോംബെ) എന്നിവർ സമീപം.*

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള ആലിബൈ ഗ്ലോബലുമായി സ്ഫെറിക്കൽ റോബോട്ട് ടെക്നോളജി ട്രാൻസ്ഫർ കരാറിൽ ഒപ്പിട്ട് ഐഐടി ബോംബെ. ഡിഫെൻസ്, പാരാമിലിറ്ററി, സ്പെഷ്യൽ ഫോഴ്സ്, പോലീസ് തുടങ്ങിയ സുരക്ഷാ ഏജൻസികൾക്ക് ഉപയോഗപ്രദമായ അത്യാധുനിക സ്ഫെറിക്കൽ റോബോട്ട് സാങ്കേതികവിദ്യയാണ് ഇതിലൂടെ പങ്കിടുന്നത്.

സുരക്ഷാ ഏജൻസികൾക്ക് ആവശ്യമായ സ്ഫെറിക്കൽ റോബോട്ട് ടെക്നോളജി വികസിപ്പിക്കുന്നതിനും റോബോട്ട് നിർമ്മിക്കുന്നതിനുമുള്ള ഐഐടി ബോംബെയുടെ സാങ്കേതിക സേവനം ഈ കരാറിലൂടെ ആലിബൈക്ക് ലഭിക്കും.

തീവ്രവാദ ആക്രമണങ്ങൾ ഉൾപ്പടെയുള്ള അപകടകരമായ സാഹചര്യങ്ങളിൽ ചെറിയ പന്തിൻറെ വലിപ്പമുള്ള ടാക്ടിക്കൽ റോബോട്ടിനെ കെട്ടിടങ്ങൾക്ക് ഉള്ളിലേക്ക് എറിഞ്ഞാൽ അവിടെ നിന്നുള്ള ലൈവ് ഓഡിയോ, വീഡിയോ സ്ട്രീമിങ് വിവരങ്ങൾ സുരക്ഷാ ഏജൻസികൾക്ക് ലഭിക്കും. ഇത്തരം വിവരങ്ങൾ ലഭ്യമാക്കുന്ന 'സ്ഫെറിക്കൽ റോബോട്ട് ഫോർ റൂം ഇൻറർവെൻഷൻ' ആണ് ഐഐടി ബോംബെയും ആലിബൈയും ചേർന്ന് നിർമ്മിക്കുക.

മുംബൈ ഐഐടിയിൽ നടന്ന ചടങ്ങിൽ ഐഐടി ബോംബെ ഡീൻ പ്രൊഫ. സച്ചിൻ പട്വർദ്ധനും ആലിബൈ ഓപ്പറേഷൻസ് ഡയറക്ടർ ഡോ.എസ്.പി. സുനിലും കരാറുകൾ കൈമാറി.

സൈബർ ഫോറെൻസിക്സ്, സൈബർ ഇൻറലിജിൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ആലിബൈ, ടാക്റ്റിക്കൽ ടെക്നോളജി രംഗത്ത് കൂടി പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായാണ് ഐഐടി ബോംബെയുമായി അഭിമാനകരമായ കരാർ ഒപ്പുവെച്ചതെന്ന് കമ്പനിയുടെ ബിസിനസ് ഡയറക്ടർ ശ്യാം കെ.എം. അറിയിച്ചു. മൂന്ന് വർഷത്തിലധികമായി ഡിഫെൻസ്, പോലീസ് ഏജൻസികൾക്ക് സൈബർ ഇൻറലിജൻസ് സേവനങ്ങളും ഫോറെൻസിക് സോഫ്റ്റ് വെയർഹാർഡ് വെയർ സൊല്യൂഷനുകളും നൽകുന്ന ആലിബൈ, ടാക്റ്റിക്കൽ സർവൈലൻസ് ഉത്പന്ന നിർമാണ മേഖലയിൽ കൂടുതൽ മുതൽ മുടക്കാൻ ഉദ്ദേശിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ആഭ്യന്തര സുരക്ഷാ മേഖലയിൽ സുരക്ഷാ സേനകൾക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ തദ്ദേശീയ സാങ്കേതികവിദ്യ വികസിപ്പിയ്ക്കാനാണ് നാഷണൽ സെൻറർ ഫോർ എക്സലൻസ് ഇൻ ടെക്നോളജി ഫോർ ഇൻറേണൽ സെക്യൂരിറ്റിയും (എൻസിഇടിഐഎസ്), ഐഐടി ബോംബെയും ലക്ഷ്യമിടുന്നത്. കേന്ദ്ര ഐടി വകുപ്പിൻറെ സാമ്പത്തിക പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അത്തരത്തിൽ വികസിപ്പിച്ച സാങ്കേതികവിദ്യയാണ് മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ കീഴിൽ നിർമിക്കുവാനായി ആലിബൈ തയ്യാറെടുക്കുന്നത്.

ഐഐടി ബോംബെ പ്രൊഫസർ ലീന വാചാനിയുടെ നേതൃത്വത്തിൽ നടത്തിയ ഗവേഷണ ഫലമായിട്ടാണ് സുരക്ഷാ സേനകൾ അംഗീകരിക്കുന്ന സ്ഫെറിക്കൽ റോബോട്ട് ടെക്നോളജി വികസിപ്പിക്കാനായത് എന്ന് എൻസിഇടിഐഎസ് പ്രൊഫസർ ഇൻ ചാർജ് ബി.ജി. ഫെർണാണ്ടസ് പറഞ്ഞു.

# വേനൽ മഴയിൽ പരക്കെ നാശനഷ്ടം

വിഴിഞ്ഞം: പലയിടത്തും തകർത്തുപെയ്ത വേനൽമഴയിൽ പരക്കെ നാശനഷ്ടം. ബൈപ്പാസിൽ ഓടിക്കൊണ്ടിരുന്ന കാറിന് മുകളിലേക്ക് മരവും ഇലക്ട്രിക് പോസ്റ്റുകളും വീണ് അപകടമുണ്ടായി. കാറിന് നേരിയ കേടുപാടുകൾ വന്നെങ്കിലും ഡ്രൈവർ അത്ഭുതകരമായി രക്ഷപ്പെട്ടു.പലയിടത്തും മരങ്ങൾ കടപുഴകി വീണതോടെ നിരവധി സ്ഥലങ്ങളിൽ ഇലക്ട്രിക് ലൈനുകൾ തകർന്നു. ഇതോടെ ഗതാഗതം തടസപ്പെട്ടു. കോട്ടുകാൽ തലക്കോടിൽ കടപുഴകിയ കൂറ്റൻ പ്ലാവ് ഇലക്ട്രിക് ലൈൻ തകർത്ത് തിരക്കുള്ളബൈപ്പാസിലെ സർവീസ് റോഡിൽ പതിച്ചു.മൂന്ന് ഇലക്ട്രിക് പോസ്റ്റുകൾക്കും മരത്തിനുമിടയിൽ കാർ കുടുങ്ങി. പള്ളിച്ചൽ, മൊട്ടമൂട് രേഖാനിവാസിൽ വിശാഖിൻറെ കാറിന് മുകളിലാണ് കൂറ്റൻ മരം കടപുഴകി വീണത്. വിഴിഞ്ഞം ഫയർസ്റ്റേഷൻ ഓഫീസർ അജ!യ്യുടെ നേതൃത്വത്തിൽ എത്തിയ ഫയർഫോഴ്സ് സംഘം ഏറെ പണിപ്പെട്ടാണ് മരം വെട്ടിമാറ്റി കാർ പുറത്തെടുത്തത്.ഇതുവഴിയുള്ള ഗതാഗതവും ഒരു മണിക്കൂറിലധികം തടസപ്പെട്ടു. വിഴിഞ്ഞം കോലയിൽ സ്വകാര്യ പുരയിടത്തിലെ മരത്തിൻറെ കൂറ്റൻ ശിഖരം മുറിഞ്ഞ് വീട്ടുമുറ്റത്ത് നിർത്തിയിരുന്ന കാറിന് മുകളിൽ പതിച്ചു. മുല്ലൂർ സ്വദേശി ജോസ് സ്റ്റീഫൻറെ കാറിനാണ് കേടുപാട് സംഭവിച്ചതെന്ന് ഫയർഫോഴ്സ് അറിയിച്ചു.പനങ്ങോട് ചിറയിൽ ബേബിയുടെ വീടിന് മുകളിലൂടെ മരം ഒടിഞ്ഞ് വീണു. ഫയർഫോഴ്സ് സംഘം മരം മുറിച്ച് മാറ്റി . ഇന്നലെ ഉച്ചമുതൽ പെയ്ത മഴയും കാറ്റുമാണ് തീരദേശമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നാശമുണ്ടാക്കിയത്.

## എസ്എടി ആശുപത്രിക്ക് ദേശീയ ഗുണനിലവാര അംഗീകാരം

മെഡിക്കൽകോളജ്: തിരുവനന്തപുരം എസ്എടി ആശുപത്രിക്ക് മികച്ച സ്കോറോടെ ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു.ലേബർ റൂം 97.5 ശതമാനം, മറ്റേർണിറ്റി ഒടി 98.5 ശതമാനം എന്നീ സ്കോറുകളോടെയാണ് അംഗീകാരം ലഭിച്ചത്. പ്രസവം നടക്കുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിൻറെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്.മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോട് കൂടിയാണ് ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

# ഐ സി എ ആർസി ടി സി ആർ ഐയിൽ ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആഘോഷിച്ചു

ഐ സി എ ആർ സി ടി സി ആർ ഐയിൽ ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആഘോഷിച്ചു. 'ബൗദ്ധിക സ്വത്തവകാശ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ: നവീകരണവും സർഗ്ഗാത്മകതയും ഉപയോഗിച്ച് നമ്മുടെ പൊതു ഭാവി കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിലാണ് ദിനാചരണം നടത്തിയത്. ഒരു വാരം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളാണ് ദിനാചരണത്തിന്റെ ഭാഗമായി നടക്കുക. ഐ സി എ ആർസി ടി സി ആർ ഐ ഡയറക്ടർ ഡോ. ജി ബൈജു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിവിധ രാജ്യങ്ങളിൽ സ്ഥാപിതമായ ഐപി വിൻഡോയിലൂടെ കാര്യമായ ശാസ്ത്രീയ ഉൽപ്പാദനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. വിവിധ ഏജൻസികളുമായുള്ള പ്രവർത്തനപരമായ സഹകരണത്തിലൂടെ ഐപി അവബോധവും പരിശീലനവും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം അധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

സയന്റിസ്റ്റ് ജി (സീനിയർ ഗ്രേഡ്) എസ്. ബൽറാം ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. പേറ്റന്റുകൾ, ഡിസൈനുകൾ, പകർപ്പവകാശങ്ങൾ, വ്യാപാരമുദ്രകൾ എന്നിവ ഉൾപ്പെടുന്ന ശക്തമായ ഒരു ബൗദ്ധിക സ്വത്തവകാശ പോർട്ട്ഫോളിയോ ഒരു സാമൂഹിക മാറ്റത്തെ ത്വരിതപ്പെടുത്തുന്ന ഒരു ഗവേഷണ സ്ഥാപനത്തിന്റെ നൂതനവും ക്രിയാത്മകവുമായ ഗവേഷണ നേട്ടങ്ങളെ സൂചിപ്പിക്കുന്നു എന്ന കാഴ്ചപ്പാടോടെ, ശ്രീ. എസ്. ബൽറാം നടത്തിയ 'ഐപി ടോക്കോ'ടു കൂടിയാണ് ദിനാചരണത്തിന് ആരംഭമായത്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി അതിന്റെ 'ഐപി പാത' ആവിഷ്കരിച്ചതും ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ചെടുത്ത 'ജീവൻ രക്ഷാ സാങ്കേതിക വിദ്യകൾ' ഉപയോഗിച്ച് ഡൈനാമിക് സ്റ്റാർട്ടപ്പുകൾ സൃഷ്ടിച്ചതും അദ്ദേഹം വിവരിച്ചു. ഒരു സഹകരണ പ്ലാറ്റ്ഫോമിലൂടെ സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും ടൈമെഡ് പിന്തുടരുന്ന പ്രധാന ഇൻകുബേഷൻ തന്ത്രങ്ങൾ അദ്ദേഹം വിവരിച്ചു. 79 ഓളം ശാസ്ത്രജ്ഞരും ഗവേഷകരും വിദ്യാർത്ഥികളും ഐപി ടോക്കിൽ പങ്കെടുത്തു.

ഐപി ടോക്കിനൊപ്പം, ഐസിഎആർസിടിസിആർഐ അഗ്രിബിസിനസ് ഇൻകുബേറ്റർ (ഐസിഎആർസിടിസിആർഐ എബിഐ), ഐപി ഉറവിടങ്ങളെ വാണിജ്യവൽക്കരിക്കാവുന്ന സാങ്കേതികവിദ്യകളാക്കി മാറ്റുന്നതിനുള്ള കഴിവുകൾ ആർജിക്കുന്നതിനായി വെള്ളായണിയിലെ കേരള കാർഷിക സർവകലാശാലയിലെ കോളേജ് ഓഫ് അഗ്രികൾച്ചറിലെ വിദ്യാർത്ഥികൾക്കായി "സാങ്കേതിക വാണിജ്യവൽക്കരണത്തെയും ലൈസൻസിംഗിനെയും കുറിച്ചുള്ള ദ്വിദിന ശിൽപശാലയും" സംഘടിപ്പിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റും ഐസിഎആർസിടിസിആർഐ എബിഐയുടെ ചുമതലയുമുള്ള ഡോ. പി. സേതുരാമൻ ശിവകുമാർ 23 കാർഷിക വിദ്യാർത്ഥികൾക്ക് ഐപി പോർട്ട്ഫോളിയോ മാനേജ്മെന്റ്, ടെക്നോളജി ലൈസൻസിംഗ് ഐപി മൂല്യനിർണ്ണയം, ലൈസൻസിംഗ് എന്നിവയിൽ നൈപുണ്യ പരിശീലന സെഷനുകൾ നടത്തി. ഐസിഎആർസിടിസിആർഐ എബിഐയിൽ ടെക്നോളജി പ്രദർശനവുമായി ബന്ധപ്പെട്ട് ഐസിഎആർസിടിസിആർഐ ശാസ്ത്രജ്ഞരുമായി വിദ്യാർഥികളുടെ ആശയവിനിമയവും പരിപാടിയുടെ സംഘടിപ്പിച്ചു.

ബൗദ്ധിക സ്വത്തവകാശങ്ങളെ (കജ) കുറിച്ചും മനുഷ്യപുരോഗതിയെ നയിക്കുന്നതിനുള്ള നവീകരണത്തെയും സർഗ്ഗാത്മകതയെയും അത് എങ്ങനെ പ്രോത്സാഹിപ്പിക്കുന്നു എന്നതിനെ കുറിച്ചുള്ള ബോധവത്ക്കരണ പ്രചരണത്തിനായി എല്ലാ വർഷവും ഏപ്രിൽ 26നാണ് ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആഘോഷിക്കുന്നത്.

# മേയർ ഡ്രൈവർ പോര് : കോർപറേഷൻ കൗൺസിലിൽ ബഹളം

തിരുവനന്തപുരം: മേയർ ആര്യ രാജേന്ദ്രനും കെഎസ്ആർടിസി ഡ്രൈവറും തമ്മിലുള്ള പോര് വിഷയമായപ്പോൾ നഗരസഭാ കൗൺസിലിൽ ബഹളവും വാക്കേറ്റവും. മേയറുടെ നടപടി തലസ്ഥാന ജനതയ്ക്ക് അപമാനമുണ്ടാക്കുന്നതാണെന്നു കൗൺസിൽ യോഗത്തിൽ നിലപാടെടുത്ത ബിജെപി കൗൺസിലർമാർ യോഗം ബഹിഷ്കരിച്ചു.

വിഷയത്തിൽ നിയമപരമായി ഡ്രൈവർക്കെതിരേ പരാതി നൽകുന്നതിനു പകരം ബസ് തടഞ്ഞിട്ടു യാത്രക്കാരെ പെരുവഴിയിലാക്കിയ മേയറുടെ നടപടി അപലപനീയമാണെന്ന് ചൂണ്ടിക്കാട്ടി കോൺഗ്രസ് അംഗങ്ങളും കൗൺസിൽ യോഗത്തിൽനിന്ന് ഇറങ്ങിപ്പോയി.

യോഗം ആരംഭിച്ചതിനു പിന്നാലെ ബിജെപി കൗൺസിലർ തിരുമല അനിലാണ് വിഷയം ഉന്നയിച്ചത്. അനിൽ സംസാരിച്ച് തുടങ്ങിയപ്പോൾ തന്നെ സിപിഎം കൗൺസിലർമാർ മേയറെ അനുകൂലിച്ച് രംഗത്തെത്തി. ഇതോടെ ഇരുകൂട്ടരും തമ്മിൽ വാക്കുതർക്കവും ബഹളവുമായി. ഇതിനിടെ മേയറോട് മോശമായി പെരുമാറിയ കെഎസ്ആർടിസി ഡ്രൈവറെ ജോലിയിൽനിന്നു പുറത്താക്കണമെന്നും ഡ്രൈവർക്കെതിരേ നിയമനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് എൽഡിഎഫ് കക്ഷി നേതാവ് ഡി.ആർ. അനിൽ വാക്കാൽ പ്രമേയം അവതരിപ്പിച്ചു.

മേയറുടെ നടപടി നഗരവാസികൾക്ക് അപമാനമുണ്ടാക്കിയെന്നും മാപ്പ് പറയണമെന്നും തിരുമല അനിൽ ആവശ്യപ്പെട്ടു. അനിൽ സംസാരിക്കുന്നതിനിടിയൽ മൈക്ക് ഓഫ് ചെയ്തതിലും അടുത്തയാൾക്ക് കൈമാറിയതിലും പ്രതിഷേധിച്ച് ബിജെപി അംഗങ്ങൾ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചു. പിന്നാലെ യോഗം ബഹിഷ്കരിച്ച ബിജെപി അംഗങ്ങൾ കൗൺസിൽ ഹാളിനുചുറ്റും പ്രതിഷേധ പ്രകടനം നടത്തി.

തുടർന്ന് സംസാരിച്ച യുഡിഎഫ് കക്ഷി നേതാവ് പി. പദ്മകുമാറും ജോൺസൺ ജോസഫും മേയറുടെ നടപടിക്കെതിരേ രംഗത്തെത്തി. തെറ്റു തിരുത്താനും തലസ്ഥാനത്തെ ജനങ്ങളോടു മേയർ മാപ്പു പറയണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. പിന്നാലെ പ്രസംഗിച്ച സിപിഎം അംഗം അംശു വാമദേവൻ ഡ്രൈവർ യദുവിനെതിരേ 2017ൽ പോലീസ് എടുത്ത കേസിലെ എഫ്ഐആർ കൗൺസിൽ യോഗത്തിൽ വായിച്ചു.

മേയർക്കെതിരേ മോശം പെരുമാറ്റമുണ്ടായപ്പോൾ ഒരു സ്ത്രീയെന്ന പരിഗണന നൽകി അവർക്കൊപ്പം നിൽക്കുന്നതിനു പകരം യുഡിഎഫും ബിജെപിയും വേട്ടക്കാരനൊപ്പം നിൽക്കുകയാണെന്നും അംശു വാമദേവൻ ആരോപിച്ചു.

അതിനിടയിൽ എഫ്ഐആറിലെ അശ്ലീല പരാമർശങ്ങൾ അംശു കൗൺസിലിൽ വായിച്ചതു സഭയ്ക്ക് ചേരുന്നതല്ലെന്നും ഇതിനു മേയർ അനുമതി നൽകിയതു നാണക്കേടാണെന്നും കോൺഗ്രസ് കൗൺസിലർ മേരി പുഷ്പം പറഞ്ഞു. മേയറുടെ ഭർത്താവ് യാത്രക്കാരെ ബസിൽ നിന്നിറക്കി വിട്ടതുശരിയല്ലെന്നും മേരി പുഷ്പം കൂട്ടിച്ചേർന്നു.

എന്നാൽ തൻറെ ഭർത്താവ് യാത്രക്കാരെ ബസിൽനിന്ന് ഇറക്കി വിട്ടതിന് എന്തു തെളിവാണുള്ളതെന്നു മേയർ തിരിച്ചു ചോദിച്ചു. ഇതിനു പിന്നാലെ എഴുന്നേറ്റ ഡപ്യൂട്ടി മേയർ മേരി പുഷ്പത്തിൻറെ പ്രസംഗം തടസപ്പെടുത്തിയെന്നാരോപിച്ച് യുഡിഎഫും കൗൺസിൽ ബഹിഷ്കരിച്ചു. തുടർന്ന് വിഷയത്തിലുള്ള തൻറെ വിശദീകരണം മേയർ സഭയെ അറിയിച്ചു. ഇതിനു ശേഷം ഔദ്യോഗിക അജണ്ടകൾ പാസാക്കി കൗൺസിൽ യോഗം പിരിഞ്ഞു.

# ജില്ലയിൽ 7715 അധ്യാപകർക്കായി കൈറ്റിന്റെ എ.ഐ. പ്രായോഗിക പരിശീലനം തുടങ്ങി

തിരുവനന്തപുരം : ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ) സാധ്യതകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നു ദിവസത്തെ പ്രായോഗിക പരിശീലനം ജില്ലയിലെ 6 കേന്ദ്രങ്ങളിൽ ആരംഭിച്ചു. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 7715 അധ്യാപകർക്കാണ് ആഗസ്റ്റ് മാസം വരെ നീണ്ടു നൽക്കുന്ന പരിശീലനം. ഉത്തരവാദിത്തത്തോടെയും അക്കാദമിക മൂല്യം ചോർന്നു പോകാതെയും നിർമിതബുദ്ധി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്ക് ഏറെ വർദ്ധിച്ചിരിക്കുകയാണെന്ന് കൈറ്റ് സി.ഇ.ഒ കെ അൻവർ സാദത്ത് പറഞ്ഞു. ലാപ്ടോപ്പും സ്മാർട്ട് ഫോണും ഉപയോഗിച്ചാണ് 25 പേരടങ്ങുന്ന വിവിധ ബാച്ചുകളിലായി അധ്യാപകർ പരിശീലനത്തിൽ പങ്കെടുക്കുന്നത്. എ.ഐ. ടൂളുകൾ ഉപയോഗിക്കുമ്പോൾ സ്വകാര്യത ഉറപ്പാക്കാൻ കൈറ്റ് നൽകിയ ജിസ്യൂട്ട് അക്കൗണ്ടുകൾ ഉപയോഗിക്കും. അതുപോലെ സ്ഥിരമായി കുറച്ച് എ.ഐ. ഉപയോഗിക്കുന്നതിന് പകരം കൈറ്റിന്റെ വിദഗ്ധ സമിതി ടൂളുകൾ മാത്രം ഉപയോഗ പരിശോധിച്ച് നിർദേശിക്കുന്ന എ.ഐ. ടൂളുകളായിരിക്കും അതത് സമയങ്ങളിൽ പരിശീലനത്തിന് ഉപയോഗിക്കുന്നത്. ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും റിസോഴ്സുകൾ ഭിന്നശേഷി സൗഹൃദമായി പരുവപ്പെടുത്താനും പരിശീലനം വഴി അധ്യാപകർക്ക് അവസരം നൽകും. മെയ് മാസത്തിൽ കൂടുതലും ഹയർ സെക്കണ്ടറി അധ്യാപകർക്കായിരിക്കും പരിശീലനം. ഇതിന് കൈറ്റ് വെബ്സൈറ്റിലെ ട്രെയിനിംഗ് മാനേജ്മെന്റ്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യണം. സെപ്റ്റംബർഡിസംബർ മാസങ്ങളിലായി പ്രൈമറി അധ്യാപകർക്കും പരിശീലനം നൽകും.

# മെഡിക്കൽകോളജിൽ ജീവനക്കാരിയെ ആക്രമിച്ച യുവാവ് അറസ്റ്റിൽ

മെഡിക്കൽകോളജ്: എംആർഐ സ്കാൻ ബുക്ക് ചെയ്യുന്നതിന് എത്തിയ യുവാവും ജീവനക്കാരും തമ്മിൽ കൈയാങ്കളി. ഒരു വനിതാ ജീവനക്കാരിക്ക് പരിക്ക്. പരാതിയിൽ യുവാവിനെതിരേ പോലീസ് കേസെടുത്തു.

ഇന്നലെ ഉച്ചയ്ക്ക് 12.15 നാ യിരുന്നു സംഭവം. പൂവാർ പുല്ലുവിള പിപി വിളാകത്തിൽ അനിൽ (34) ആണ് പിടിയിലായത്. സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നത് ഇങ്ങനെ: വലതുകൈപ്പത്തിക്കു വേദന ഉണ്ടായതിനെത്തുടർന്ന് മെഡിക്കൽകോളജ് ആശുപത്രിയിലെത്തിയ അനിൽ ഡോക്ടറുടെ നിർദേശാനുസരണം എംആർഐ എടുക്കാനായി എത്തി. ക്യൂവിൽനിന്ന് ടോക്കണെടുത്ത അനിലിനു സ്കാനിംഗ് തീയതി ലഭിച്ചത് ജൂണിലാണ്.

ഇതോടെ തിരക്കൊഴിയുന്നതുവരെ കാത്തിരുന്ന ശേഷം ജീവനക്കാർ ഇരിക്കുന്ന മുറിയിലെത്തുകയും തീയതി കുറച്ചുകൂടി മുന്നിലേക്കു നീക്കി തരണമെന്നാവശ്യപ്പെടുകയും ചെയ്തു. അതിനിടെ എച്ച് ഡിഎസ് യൂണിറ്റിലെ ജീവനക്കാരിയായ ജയ (52) ജോലിസ്ഥലത്ത് യുവാവ് അതിക്രമിച്ചു കയറിയതിനെ ചോദ്യം ചെയ്തു. തുടർന്ന് വാക്കേറ്റമായി. വാക്കേറ്റത്തിനിടെ അനിൽ ധരിച്ചിരുന്ന മോതിരത്തിൻറെ കൂർത്ത അഗ്രം കൊണ്ട് ജയയുടെ കണ്ണിനു പരിക്കേറ്റു. തുടർന്ന് ഇവർ ബോധരഹിതയാകുകയും ചെയ്തു. ഇതോടെ മറ്റു ജീവനക്കാർ സ്ഥലത്തെത്തുകയും അനിലിനെ പിടിച്ചുമാറ്റാൻ ശ്രമിക്കുകയും ചെയ്തു. ഇതോടെ ഇവർ തമ്മിൽ മൽപ്പിടുത്തമായി.

ജീവനക്കാർ അറിയിച്ചതോടെ മെഡിക്കൽകോളജ് പോലീസ് സ്ഥലത്തെത്തി അനിലിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. പരിക്കേറ്റ വനിതാ ജീവനക്കാരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ജോലി തടസപ്പെടുത്തിയതിനും ആക്രമണത്തിനുമാണ് അനിലിനെതിരെ കേസെടുത്തിരിക്കുന്നത്. ഇയാളെ കോടതിയിൽ ഹാജരാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2024 MAY 3 Friday



# Adani Green Secures USD 400 million from international banks for 750 MW power projects



Ahmedabad : Adani Green Energy Ltd (AGEL), India's largest and one of the world's leading renewable energy (RE) companies, today announced USD 400 million financing for its under-construction 750 MW solar projects in Rajasthan and Gujarat by a consortium of five leading international banks. It will provide financing for projects that are expected to come online from November 2024 onwards.

One of the projects is being developed in Rajasthan with 500 MW capacity and has a long-term power purchase agreement (PPA) with the Solar Energy Corporation of India (SECI). The second one, with 250 MW capacity, is a standalone merchant power project being implemented at the world's largest RE cluster at Khavda in Gujarat. With confidence in the evolving merchant energy market, AGEL is diversifying revenue streams, along with traditional PPAs, to enhance project revenue and position itself favorable for sustained value creation. Following AGEL's lead, banks are becoming more comfortable with financing merchant projects with the transaction marking a sentiment shift in the international banking market.

The USD 400 million construction facility along with the funding solutions also provides the syndicated guarantee-backed assurance program in sync with AGEL's procurement strategy. The transaction paves the way for a sustainable debt structure, developed as part of AGEL's capital management plan, for financing merchant exposure. It marks a milestone for the Indian RE sector as it steers the industry's transition to the next phase of market integration, with the commitment to deliver the low-cost green electrons through promotion of merchant market projects with right financing structure demonstrating overall trust and competitiveness for the Indian renewable energy sector to drive clean energy transition and decarbonisation.

The consortium of lenders - Cooperative Rabobank U.A., DBS Bank Ltd., Intesa Sanpaolo S.p.A., MUFG Bank, Ltd., and Sumitomo Mitsui Banking Corporation - paves the way for AGEL's ambitious growth plans.

The green loan, housed under subsidiaries of AGEL supports the company's growth trajectory and aligns with its commitment to sustainability. Second party opinion provider Sustainable Fitch highlighted the robustness and transparency of the 750 MW Solar Projects Green Loan Framework and alignment with the four core components of the Green Loan Principles, 2023. The assessment favours AGEL's dedication to green energy solutions, accelerating India's transition towards a lower carbon future while achieving UN Sustainable Development Goals (SDGs), especially SDG 7 (affordable and clean energy).

AGEL has 10,934 MW operational portfolio, largest in India, delivering reliable, affordable, and clean power to the national grid. AGEL's operational portfolio consists of 7,393 MW solar, 1,401 MW wind and 2,140 MW wind-solar hybrid capacity.

Latham & Watkins LLP and Saraf & Partners were the borrower's counsel. The lenders' counsel were Linklaters and Cyril Amarchand Mangaldas.

About Adani Green Energy Limited

Adani Green Energy Limited (AGEL) is India's largest and one of the leading renewable energy companies in the world, enabling the clean energy transition. AGEL develops, owns, and operates utility scale grid-connected solar, wind and hybrid renewable power plants. With a locked-in growth trajectory up to 21.9 gigawatt (GW), AGEL currently has an operating renewable portfolio of over 10.9 GW, the largest in India, spread across 12 states. AGEL is credited with developing several landmark renewable energy power plants. The company has set a target of achieving 45 GW by 2030 aligned to India's decarbonization goals. AGEL is focused on leveraging technology to reduce the Levelized Cost of Energy (LCOE) in pursuit of enabling largescale adoption of affordable clean energy. AGEL's operating portfolio is certified 'water positive for plants of more than 200 MW capacity', 'single-use plastic free' and 'zero waste-to-landfill', a testament to the company's commitment of powering sustainable growth. Visit: www.adanigreenenergy.com

For further information, contact: Roy Paul roy.paul@adani.com

## വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സ്പോട്ട് ഫോട്ടോഗ്രഫി മത്സരം നാളെ

തിരുവനന്തപുരം:വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സ്പോട്ട് ഫോട്ടോഗ്രഫി മത്സരം നാളെ. ശനിയാഴ്ച രാവിലെ ആറ് മുതൽ ഉച്ച ഒന്നു വരെ നടക്കുന്ന ഫോട്ടോഗ്രഫി മത്സരത്തിൽ വിജയിക്കുന്നവർക്ക് ആകാർഷക സമ്മാനവുമുണ്ട്.

പങ്കെടുക്കുന്നവർ മെയ് നാലിന് രാവിലെ ആറിനും ഏഴിനും ഇടയിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിലെത്തി രജിസ്റ്റർ ചെയ്യണം. വൈലോപ്പിള്ളി സംസ്കൃതി ഭവൻ കോമ്പൗണ്ടിൽ നിന്ന് എടുക്കുന്ന പടങ്ങൾ മാത്രമേ മത്സരത്തിന് പരിഗണിക്കൂ. എഡിറ്റിങ് അനുവദിക്കില്ല. ഒരാൾക്ക് പരമാവധി മൂന്ന് ഫോട്ടോ അയക്കാം. പങ്കെടുക്കുന്നവർക്ക് പ്രായപരിധിയില്ല. അതേദിവസം വൈകുന്നേരം മൂന്നോടെ വിദഗ്ധ സമിതി വിജയികളെ കണ്ടെത്തും. രജിസ്ട്രേഷൻ ഫീസ് നൂറ് രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04712311842, 8289943307,

## പൂർത്തീകരിച്ച വീടുകൾ ഉടൻ അനുവദിക്കണം

കോയന്പത്തൂർ: പൂർത്തീകരിച്ച വീടുകൾ ഉടൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീലങ്കൻ തമിഴർ ജില്ലാ കളക്ടർക്കു നിവേദനം നൽകി.

കോയമ്പത്തൂരിലെ പൊള്ളാച്ചി കോട്ടൂരിലെ ശ്രീലങ്കൻ അഭയാർഥി ്യാമ്പിൽ താമസിക്കുന്നവർക്ക് അനുവദിച്ച വീടുകളുടെ നിർമാണപ്രവൃത്തികളാണ് പൂർത്തിയായിരിക്കുന്നത്. നേരത്തെ 12 വീടുകൾ ഉദ്ഘാടനം ചെയ്തിരുന്നു. ഇനി 15 കുടുംബങ്ങൾക്കുകൂടിയാണ് വീട് നല്കേണ്ടത്.

വൈദ്യുതി, സൗകര്യക്കുറവ് തുടങ്ങി നിരവധി കാരണങ്ങളാണ് വൈകാൻ കാരണം. ഈ സാഹചര്യത്തിൽ ആ 15 കുടുംബങ്ങളിലെ അംഗങ്ങൾ കോയമ്പത്തൂർ ജില്ലാ ഭരണകൂടത്തിന് നിവേദനം നൽകി. പൂർത്തീകരിച്ച വീടുകൾ അടിയന്തരമായി അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും നിവേദനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.




## ബ്ലോക്ക്ഓഫീസിന് സമീപം ഗുണ്ടാ ആക്രമണം: രണ്ടുപേർക്ക്വെട്ടേറ്റു

ചാത്തന്നൂർ : ചാത്തന്നൂർ ബ്ലോക്ക് ഓഫീസിന് സമീപം ഗുണ്ടാ ആക്രമണം രണ്ടു പേർക്ക് വെട്ടേറ്റു പരിക്ക്. ചാത്തന്നൂർ ബ്ലോക്ക് ഓഫീസിന് സമീപം താമസിക്കുന്ന ശാന്തി എന്ന് വിളിക്കുന്നശിവപ്രസാദ് (42), ഓട്ടോ റിക്ഷ ഡ്രൈവർ മുകേഷ് (40)എന്നിവർക്കാണ് ഗുരുതര പരിക്കേറ്റത്. ഇന്നലെ വൈകുന്നേരം ശിവപ്രസാദിൻറെ വീടിൻറെ സമീപം വച്ചാണ് ആക്രമണം ഉണ്ടായത്. ശിവപ്രസാദിനെ വീട്ടിൽ കൊണ്ടാക്കിയതിന് ശേഷം തിരിച്ചു പോകാൻ ഓട്ടോഡ്രൈവർ മുകേഷ്ഒരുങ്ങിയപ്പോൾ ആണ് കഞ്ചാവ് മയക്കുമരുന്ന് കേസുകളിൽ പ്രതികളായ ചിലർ ഉൾപ്പെട്ട സംഘം ആക്രമണം നടത്തിയത്.

ശിവപ്രസാദിൻറെ വീട്ടിൽ എത്തിയ സംഘം ഭാര്യ ഷിജിയുടെ അടുത്ത് ശിവപ്രസാദിനെ തിരക്കുകയും ഇല്ലായെന്ന് പറഞ്ഞതോടെ ജാതിപേര് വിളിച്ചു ആക്ഷേപിക്കുകയും ചീത്ത വിളിക്കുകയും ചെയ്തിരുന്നു .ഇതിന് പിന്നാലെ റോഡിൽ കാത്ത് നിന്ന സംഘം ശിവപ്രസാദിനെ വീട്ടിൽ കൊണ്ടാക്കി മടങ്ങിയ ഓട്ടോറിക്ഷ തടയുകയും ഓട്ടോറിക്ഷ ഡ്രൈവറെയും ശിവപ്രസാദിനെയും മാരകായുധങ്ങളുമായി ആക്രമിക്കുകയായിരുന്നു.

## സഹപ്രവർത്തകനെ കൊന്ന് മാലിന്യക്കുഴിയിൽ തള്ളി; തമിഴ്നാട് സ്വദേശി അറസ്റ്റിൽ

കോട്ടയം : വാകത്താനത്ത് സഹപ്രവർത്തകനായ അസം സ്വദേശിയെ കൊലപ്പെടുത്തിയ കേസിൽ തമിഴ്നാട് സ്വദേശിയായ യുവാവിനെ പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് സ്വദേശിയായ പാണ്ടി ദുരൈ (29) എന്നയാളെയാണ് വാകത്താനം പൊലീസ് അറസ്റ്റ് ചെയ്തത്. വാകത്താനം ഭാഗത്ത് ഇരുവരും ജോലി ചെയ്തിരുന്ന കോൺക്രീറ്റ് കമ്പനിയിലെ പ്ലാന്റ് ഓപ്പറേറ്ററായ പാണ്ടി ദുരൈ ഇതേ കമ്പനിയിലെ ഹെൽപ്പർ ആയി ജോലി ചെയ്തിരുന്ന അസംസ്വദേശിയായ ലേമാൻ കിസ്ക് (19) എന്നയാളെ കമ്പനിയിലെ വേസ്റ്റ് കുഴിക്കുള്ളിൽ താഴ്ത്തി കൊലപ്പെടുത്തുകയായിരുന്നു.

ഏപ്രിൽ 28ന് വാകത്താനം ഭാഗത്തുള്ള പ്രീഫാബ് കോൺക്രീറ്റ് കമ്പനിയിലെ വേസ്റ്റ് കുഴിയിൽ യുവാവിനെ മരിച്ച നിലയിൽ കാണപ്പെട്ടതിനെ തുടർന്ന് വാകത്താനം പൊലീസ് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. തുടർന്ന് ജില്ലാ പൊലീസ് മേധാവി കെ. കാർത്തിക്കിന്റെ നേതൃത്വത്തിൽ നടത്തിയ ശാസ്ത്രീയമായ അന്വേഷണത്തിലാണ് കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്. ഏപ്രിൽ 26ന് ജോലിക്ക് എത്തിയ ലേമാൻ കിസ്ക് മിക്സർ മെഷീനുള്ളിൽ ക്ലീൻ ചെയ്യാൻ ഇറങ്ങിയപ്പോൾ പാണ്ടി ദുരൈ മെഷീന്റെ സ്വിച്ച് ഓൺ ചെയ്യുകയായിരുന്നു. തുടർന്ന് മെഷീനുള്ളിൽനിന്ന് താഴെ വീണ യുവാവിനെ ജെസിബി ഉപയോഗിച്ച് കമ്പനിയുടെ വേസ്റ്റ് കുഴിയിൽ തള്ളി. ഇതിനുശേഷം ഇയാൾ കമ്പനിയിൽ സ്ലറി വേസ്റ്റ് സൂക്ഷിച്ചിരുന്ന സ്ഥലത്തെത്തി ജെസിബി കൊണ്ട് ഈ വേസ്റ്റ് ടിപ്പറിലാക്കി ലേമാൻ കിടന്നിരുന്ന വേസ്റ്റ് കുഴിയിൽ നിക്ഷേപിക്കുകയായിരുന്നു.

രണ്ടു ദിവസത്തിനുശേഷം മൃതദേഹം കൈ ഉയർന്ന നിലയിൽ വേസ്റ്റ് കുഴിക്കുള്ളിൽ കണ്ടതോടെയാണ് വിവരം പുറത്തറിഞ്ഞത്. കമ്പനിയിലെ ഇലക്ട്രീഷ്യൻ വർക്ക് കൂടി ചെയ്തിരുന്ന പാണ്ടി ദുരൈ, സംഭവസമയത്ത് സിസിടിവി ഇൻവെർട്ടർ തകരാർ ആണെന്ന് പറഞ്ഞ് ഓഫ് ചെയ്തിരുന്നതായും പൊലീസ് കണ്ടെത്തി. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## പൊന്നാനിയിൽ ഭൂരിപക്ഷം കുറയും, മലപ്പുറത്ത് രണ്ട് ലക്ഷം കടക്കും: മുസ്ലീം ലീഗ്

മലപ്പുറം: ലോക്സഭാ തെരഞ്ഞെടുപ്പിൽ പൊന്നാനിയിൽ ഭൂരിപക്ഷം കുറയും, പതിനായിരത്തോളം വോട്ടുകൾ നഷ്ടമാകുമെന്നും ലീഗ് വിലിരുത്തൽ. എന്നാൽ വിജയത്തെ ഇത് ബാധിക്കില്ലെന്നുമാണ് ലീഗിൻറെ കണക്കുകൂട്ടൽ. ഇ. കെ. വിഭാഗം സമസ്തയുമായുണ്ടായ തർക്കം പൊന്നാനിയിലും മലപ്പുറത്തും ബാധിച്ചില്ല. മലപ്പുറത്ത് രണ്ട് ലക്ഷം ഭൂരിപക്ഷം ലഭിക്കും. വേങ്ങര, മലപ്പുറം മണ്ഡലങ്ങളിൽ ഇ. ടി. മുഹമ്മദ് ബഷീറിൻറെ ഭൂരിപക്ഷം നാൽപ്പതിനായിരമെത്തുമെന്നും ലീഗ് പ്രതീക്ഷിക്കുന്നു.

ഒരു ലക്ഷത്തിലധികം വോട്ടിൻറെ ഭൂരിപക്ഷമാണ് പൊന്നാനിയിൽ പ്രതീക്ഷിക്കുന്നത്. കാര്യങ്ങൾ മുൻകൂട്ടി കണ്ട് പ്രവർത്തിച്ചതിനാൽ വലിയ വോട്ടുചോർച്ച ഒഴിവാക്കാനായി.

മുസ്ലീം ലീഗ് മലപ്പുറം ജില്ലാ കമ്മറ്റി യോഗത്തിലാണ് പൊന്നാനി, മലപ്പുറം മണ്ഡ!ലങ്ങളിലെ തെരഞ്ഞെടുപ്പ് വിലയിരുത്തൽ നടന്നത്. ഫലം വന്നതിന് ശേഷം സമസ്ത നേതാക്കൾക്കെതിരെ പ്രതികരണം നടത്തരുതെന്ന് യോഗത്തിൽ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

## നാട്ടാന പരിപാലനം ആനക്ഷേമം മുഖ്യ ലക്ഷ്യം

ശില്പശാല സംഘടിപ്പിച്ചത് ഇന്ത്യൻ വെറ്ററിനറി അസോസിയേഷനുംജന്തു ദ്രോഹ നിവാരണ സമിതിയും

ആനകൾക്ക് മാതൃകാ പ്രവർത്തനചട്ടം വേണം ചമയങ്ങളുടെ ഭാരം 100 കിലോയായി കുറയ്ക്കണം

നാട്ടാന പരിപാലന നിയമം വർഷങ്ങളായി നടപ്പിലാക്കുന്നുണ്ടെങ്കിലും ആനകളുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്ന ഒരു സമഗ്ര പരിഷ്കരണം വേണമെന്ന് നാട്ടാന പരിപാലന ശില്പശാല ആവശ്യപ്പെട്ടു

ഇന്ത്യൻ വെറ്ററിനറി അസോസിയേഷനും ജന്തു ദ്രോഹ നിവാരണ സമിതിയും സംയുക്തമായി ബീച്ച് ഹോട്ടലിൽ സംഘടിപ്പിച്ച ശില്പശാലയിലാണ് വിവിധ ആവശ്യങ്ങൾ ഉയർന്നത്

ആനകളുടെ ക്ഷേമം ലക്ഷ്യമാക്കുന്ന നിയമങ്ങളാണ് പുതിയ ചട്ടത്തിൽ വരേണ്ടത്.

2003ലും 2012 ലും ആണ് നാട്ടാന പരിപാലന നിയമം പരിഷ്കരിച്ചത്

കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിൽ നാട്ടാനകളുടെ എണ്ണം പകുതിയായി കുറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് 466 നാട്ടാനകളുണ്ട്.

ഓരോ വർഷവും 10 ഓളം ആനകൾ വിവിധ കാരണങ്ങളാൽ മരിക്കുന്നുണ്ട്.

എരണ്ട കെട്ട് (മുൻകെട്ട്, ഇടക്കെട്ട് ,പിൻകെട്ട്) മൂലം ആനകൾ ചരിയുന്നു എന്നാണ് പൊതു നിഗമനം.

എന്നാൽകരൾരോഗം മുതൽ പാദരോഗം വരെ ആനകളുടെ മരണകാരണമാവുന്നുണ്ട്.

അതൊക്കെ കൃത്യമായി നിർണ്ണയിക്കാൻ മൾട്ടി സ്പെഷാലിറ്റി ആശുപത്രികൾ ആനകൾക്ക് ആവശ്യമാണ്.

മരണ നിരക്ക് ഈ രീതിയിൽ പോയാൽ ആനകൾ ഓർമ്മചിത്രം ആകുന്ന കാലം വിദൂരമല്ല.

ആനകളുടെ ചികിത്സക്കും മദപ്പാട് കൈകാര്യം ചെയ്യുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമൊക്കെ വെറ്ററിനറി ഡോക്ടർമാർ നിയന്ത്രിക്കുന്ന മെഡിക്കൽ ബോർഡ് വേണം.

കൃത്യമായ ഇടവേളകളിൽ ആനകളുടെ കൊമ്പുമുറിക്കൽ സാധ്യമാക്കണം .

കൊമ്പ് മുറിച്ചു ഒരുക്കുന്നത് സൗന്ദര്യവർദ്ധക ശസ്ത്രക്രിയ മാത്രമല്ല, ആനകളുടെ ശാരീരിക ആവശ്യം കൂടിയാണ്.

2 വർഷത്തിലൊരിക്കൽ മാത്രം കൊമ്പു മുറിക്കാം എന്ന നിയമം പൊളിച്ചെഴുതണമെന്ന് ശില്പ ശാല ആവശ്യപ്പെട്ടു.

ഉത്സവകാലത്ത് അമ്പലപ്പറമ്പുകളിൽ ആനകളുടെ പുറത്ത് കയറ്റുന്ന ചമയങ്ങളുടെ ഭാരം അധികമാണെന്നും അത് ലഘൂകരിക്കണമെന്നും

ആന ഉടമകൾ ആവശ്യപ്പെട്ടു.

പണ്ടത്തെപ്പോലെയല്ല തീവെട്ടിയും മറ്റും വെളിച്ചം നൽകിയിരുന്ന കാലത്തുനിന്നും ഇന്ന് ലേസർ ലൈറ്റുകളുടെയും ഡി.ജെ പോപ്പറുകളുടെയും അതിപ്രസരമുണ്ട്.

ഇവ ആനകളെ പ്രകോപ്പിപ്പിക്കുന്നുണ്ട്.

ക്ഷേത്ര പറമ്പുകളിൽ ആന പ്രേമികളുടെയും ആന ഫാൻസ് അസോസിയേഷന്റെയും അമിത ഇടപെടലുകൾ ഉത്സവ സമയത്ത് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്

ഇടയുന്നആനകളെ നിയന്ത്രിക്കുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ആനകളിൽ നിന്ന് പത്തു മീറ്റർ അകലത്തിൽ ചെണ്ടമേളം നടത്താം.

നാസിക് ഡോൾ തംബോല ശിങ്കാരിമേളം എന്നിവയുടെ പ്രയോഗം ആനകളുടെ എഴുന്നള്ളിപ്പിൽ ഒഴിവാക്കണം.

എന്നാൽ ചെണ്ടയും പഞ്ചവാദ്യവുമാകാം.

നാട്ടിൽ ആന പ്രസവിച്ചാൽ ഉണ്ടാവുന്ന പൊല്ലാപ്പുകൾ ഒഴിവാക്കണം .

ആനക്കുട്ടിയെ രജിസ്റ്റർ ചെയ്യുന്നതിനും മൈക്രോ ചിപ്പ് ഘടിപ്പിക്കുന്നതിനും ഉടൻ നടപടികൾ വേണം.

ഉത്സവ സീസണുകളിൽ അല്ലാതെ ആനകളെ കെട്ടിയിടുന്നത് ചില ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

ദിവസവും ഏഴു കിലോമീറ്റർ എങ്കിലും ആനകൾ നടക്കണമെന്നാണ് ശാസ്ത്രം പറയുന്നത്.

ആനകൾക്കുള്ള വ്യായാമം കൃത്യമായി നടത്തണമെന്ന് നിയമം വേണം. പാപ്പന്മാർക്കുള്ള പരിശീലനം കൃത്യമായ ഇടവേളകളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടത്തണം.

ശില്പശാല എൻ കെ.പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം ചെയ്തു.

ഡോ.കെ.കെ. തോമസ് അധ്യക്ഷനായിരുന്നു.

സംസ്ഥാന മൃഗക്ഷേമ ബോർഡംഗം ഹണി ബഞ്ചമിൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എസ്. അനിൽകുമാർ

ജില്ലാ മൃഗാശുപത്രി മേധാവി ഡോ. ഡി.ഷൈൻകുമാർ

ഫോറസ്റ്റ് അസി. കൺസർവേറ്റർ കോശി ജോൺ

ഡോ.ഇ.കെ. ഈശ്വരൻ

ഡോ.ബി.അരവിന്ദ്

ഡോ.ബി.അജിത് ബാബു

ഡോ. ശ്യാം സുന്ദർ

ഡോ. എസ് അഫ്സൽ

ഡോ.അജിത്

ആന ഉടമ ഫെഡറേഷൻ ഭാരവാഹികളായ ചന്ദ്രചൂഡൻപിള്ള, പുത്തൻകുളം ഷാജി എന്നിവർ സംസാരിച്ചു.



കൈറ്റിന്റെ എ ഐ പ്രായോഗിക പരിശീലനം